(ബി) ആ റോഡ് എത്ര ൻ. ഉായി അങ്ങിനെ കിടക്കുന്നുവെന്ന പറയാമോ;

(സി) ആ റോഡു് കഴിയുന്നതും വേഗത്തിൽ ഗതാഗതയോഗ്യമാക്കിത്തീർക്കുന്നതിനു വേണ്ടതു ഗവൺമെണ്ടു ചെയ്യുമോ ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ് :

(എ) അറിയാം.

(ബി) ഒരു വർഷം ആയി.

(സി) പ്രസ്തുത റോഡ് ഒരു റയ്റ്റ്സ് റോഡാണു്. അതു ഗവൺമെണ്ടിൽനിന്നും എടുത്തതിൽപിന്നെ വേണ്ടതു ചെയ്യാം.

PRIMARY SCHOOLS

220. [8] **Sri. E. P. Poulose:** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state.—

(*a*) how many new Government Primary schools were started this school year;

(*b*) whether Government contributed any amount towards the cost of erecting the school building in the case of all or any of these schools; and

(*c*) what is the average contribution in the case of these schools ?

Sri. Panampilli Govinda Menon:

(*a*) 21.

(*b*) No; but one school was built entirely at Government cost.

(*c*) This does not arise in view of the answer to part (*b*) above.

Dr. T. K. KOSHI

221. [16] **Sri. V. K. Varghese:** Will the Hon'ble Minister for Education be pleased to say the reasons for the compulsory retirement of Dr. T. K. Koshy ?

Sri. Panampilli Govinda Menon: He was not compulsorily retired.

പൗരസ്ത്യഭാഷാദ്ധ്യാപകന്മാരുടെ ശമ്പളം

൨൨൨. (൨൫) ശ്രീ. കെ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പൗരസ്ത്യഭാഷാദ്ധ്യാപകന്മാക്കുള്ള ശമ്പളവ്യത്യാസം പരിഹരിച്ചുകിട്ടുന്നതിനു ഗവൺമെണ്ടിനു് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഗവൺമെണ്ടു് ഇതിനുവേണ്ടി വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രധാനമന്ത്രിയുടെ നിർദ്ദേശപ്രകാരം മുൻ വിദ്യാഭ്യാസവകുപ്പുമന്ത്രി കൺവീനറായി സംഘടിപ്പിച്ച ഒരു വിദഗ്ധകമ്മിറ്റിയുടെ ശുപാർശ നടപ്പാക്കുന്നതിനു ഗവൺമെണ്ടു വിചാരിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

(എ) ഉണ്ടു്.

(ബി) ഗവൺമെണ്ടിന്റെ പര്യാലോചനയിൽ ഇരിക്കുന്നു.

(സി) അങ്ങിനെ ഒരു കമ്മിറ്റിയെപ്പറ്റി അറിവില്ല.

പുതിയ പ്രൈമറി സ്കൂളുകൾ

൨൨൩. (൨൬) ശ്രീ. വി. മാധവൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) വരുന്ന സ്കൂൾവർഷാരംഭത്തിൽ എത്ര പുതിയ പ്രൈമറി സ്കൂളുകൾക്കു് അനുവാദത്തിനു് അപേക്ഷ ലഭിച്ചിട്ടുണ്ടു്;

(ബി) പുതിയ സ്കൂളുകൾക്കുള്ള അനുവാദം എന്നു കൊടുക്കുവാൻ കഴിയും ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

(എ) ൭൬.

(ബി) ഓവർലാപ്പിംഗ് സ്കൂളുകളുടെ സർവ്വെ പൂർത്തിയായതിനുശേഷമേ ഈ കാര്യം തീരുമാനിക്കാൻ കഴിയൂ.

LIBRARY ARCHIVES Kerala Legislative Assembly